# 'പ്രീ ഫാബ്രിക്കേറ്റഡ്' സാങ്കേതികവിദ്യ കേരളത്തിനു യോജിച്ചതല്ല'

കൊല്ലം • പ്രളയാനന്തര കേരളത്തിന്റെ പുനർനിർമാണത്തിനു പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യ ഉപയോഗിക്കണമെന്ന സർക്കാർ നയത്തോടു തനിക്കു വിയോജിപ്പുണ്ടെന്നു ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സ്ഥാപകനും പ്രമുഖ വാസ്തുശിൽപിയുമായ ജി.ശങ്കർ അഭിപ്രായപ്പെട്ടു. ക്വയിലോൺ മാനേജ്മെന്റ് അസോസിയേഷനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഇന്ത്യ കൊല്ലം ചാപ്റ്ററും ചേർന്നു സംഘടിപ്പിച്ച 'പ്രളയാനന്തര കേരളം: പുനർനിർമാണം' ശിൽപശാലയിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഈ സാങ്കേതികവിദ്യ കേരളത്തിന്റെ പരിസ്ഥിതിക്ക് ഒട്ടും യോജ്യമല്ല. കാറ്റും വെളിച്ചവും തണുപ്പും നൽകുന്ന വീടുകളാണു നാം പുതിയ കേരളത്തിനായി നിർമിക്കേണ്ടത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുകയാണു പ്രളയത്തെ ഒഴിവാക്കുവാനുള്ള ഏക മാർഗമെന്ന് അദ്ദേഹം പറഞ്ഞു. പാർപ്പിട സാക്ഷരത എന്ന സങ്കൽപത്തിലേക്കു മലയാളിയുടെ മനസ്സ് മാറേണ്ടതുണ്ടെന്നും ജി.ശങ്കർ പറഞ്ഞു. ഡോ: റിജി ജി.നായർ അധ്യക്ഷനായി. കെ.ശിവദാസൻ, സി.ശ്രീരാജ്, കെ.ബിജു, കെ.രാജൻ എന്നിവർ പ്രസംഗിച്ചു.




ക്വയിലോൺ മാനേജ്മെന്റ് അസോസിയേഷനും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഇന്ത്യ കൊല്ലം ചാപ്റ്ററും ചേർന്നു നടത്തിയ ശിൽപശാലയിൽ വാസ്തുശിൽപി ജി.ശങ്കർ പ്രഭാഷണം നടത്തുന്നു.

Malayala Manorama: 30 Oct 2018